**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1783** **29-09-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക സർവ്വകലാശാലയിലെ ജീവനക്കാർക്ക് ഡി.എ. നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച 3% ഡി.എ. കാർഷിക സർവ്വകലാശാലയിലെ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | സർക്കാർ അനുവദിക്കുന്ന ക്ഷാമബത്ത/ ക്ഷാമാശ്വാസം കേരള കാർഷിക സർവകലാശാല ജീവനക്കാർക്ക് അനുവദിക്കുന്നത് ഭരണസമിതിയുടെ അംഗീകാരത്തോടെയോ, ഭരണസമിതിയുടെ സാധൂകരണത്തിന് വിധേയമായി വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരമോ ആണ്.<br><br>ഓണക്കാലത്ത് സർക്കാർ ജീവനക്കാർക്കും, അധ്യാപകർക്കും ക്ഷാമബത്ത/ ക്ഷാമാശ്വാസം വർദ്ധിപ്പിച്ചതിനെ തുടർന്ന് തൊഴിലാളി വിഭാഗത്തിന് സർവകലാശാല ഭരണസമിതിയുടെ സാധൂകരണത്തിന് വിധേയമായി വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച ക്ഷാമബത്ത/ ക്ഷാമാശ്വാസം നടപ്പിലാക്കി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി ക്ഷാമബത്ത ഇനത്തിൽ 12,80,076/- രൂപയുടെയും ക്ഷാമാശ്വാസം ഇനത്തിൽ 7,00,451/- രൂപയുടെയും പ്രതിമാസ അധിക ബാധ്യത വരുന്നുണ്ട്. സർവകലാശാലയുടെ സാമ്പത്തിക ലഭ്യത കുറവായ സാഹചര്യത്തിൽ ജീവനക്കാർ/ അധ്യാപകർ എന്നിവർക്ക് വർധിപ്പിച്ച നിരക്കിൽ ക്ഷാമബത്ത /ക്ഷാമാശ്വാസം നൽകുന്നത് ഭരണസമിതി അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച ക്ഷാമബത്ത ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകുന്നതിനായി ഏകദേശം 37,59,753/- രൂപയുടെയും ക്ഷാമാശ്വാസ ഇനത്തിൽ 36,83,521/- രൂപയുടെയും പ്രതിമാസ അധിക ബാധ്യത സർവകലാശാലയ്ക്ക് വരുന്നതായി കണക്കാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ സർവകലാശാല ഭരണസമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വർധിപ്പിച്ച നിരക്കിൽ ക്ഷാമബത്ത/ ക്ഷാമാശ്വാസം നൽകുന്നത് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ